(ബി) ആഡിറ്റിംഗ് കൃത്യമായും നടക്കാതിരിക്കുന്നത് ക്രമക്കേടുകൾ യഥാസമയം കണ്ടെത്താതിരിക്കുന്നതിന് ഇടയാക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(സി) ആഡിറ്റിംഗ് കൃത്യമായി നടക്കുന്നോ എന്നത് സംബന്ധിച്ച് വിലയിരുത്താറുണ്ടോ; ഒരു വർഷത്തിലധികമായി ഓഡിറ്റ് നടക്കാതിരിക്കുന്ന സംഘങ്ങളുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വിശദമാക്കാമോ;

(ഡി) സംഘങ്ങളുടെ ആഡിറ്റിംഗിന് കോ-ഓപ്പറേറ്റീവ് ആഡിറ്റ് ഡയറക്ടറുടെ കീഴിൽ പ്രത്യേക വിഭാഗം രൂപീകരിക്കാനുള്ള നിയമ വ്യവസ്ഥ നടപ്പിലാക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. 10,090 സംഘങ്ങൾ

(ഡി) കോ-ഓപ്പറേറ്റീവ് ആഡിറ്റിംഗിന് ആഡിറ്റ് ഡയറക്ടറുടെ കീഴിൽ പ്രത്യേക വിഭാഗം രൂപവീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിലുള്ള സഹകരണ വകുപ്പ് രണ്ട് വകുപ്പുകളായി വിഭജിക്കുമ്പോൾ സർക്കാരിനുണ്ടായേക്കാവുന്ന സാമ്പത്തിക ബാദ്ധ്യത തിട്ടപ്പെടുത്തി ജീവനക്കാരുടെ വിഭജനം, നിയമനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വ്യവസ്ഥകൾ രൂപീകരിക്കേണ്ടതുള്ളതിനാലാണ് കാലതാമസം ഉണ്ടാകുന്നത്.

സഹകരണ ബാങ്കുകളിലെ ഇൻഷ്വറൻസ് പദ്ധതി

149 [3151] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തലങ്ങളിലുള്ള സഹകരണ ബാങ്കുകളിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഏതെങ്കിലും സ്വകാര്യ ഇൻഷുറൻസ് കമ്പനികൾക്ക് ഇത് സംബന്ധിച്ച് എന്തെങ്കിലും കരാർ നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) സഹകരണ സ്ഥാപനങ്ങളുടെ ഇൻഷ്വറൻസ് കേന്ദ്ര പൊതുമേഖലാ ഇൻഷ്വറൻസ് കോർപ്പറേഷനുകളെയോ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനേയോ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഇല്ല.

(ഡി) ഇക്കാര്യം സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

സഹകരണ ബാങ്ക് ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി

150 [3152] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സഹകരണബാങ്ക് ജീവനക്കാർക്കായി പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പെൻഷൻ പദ്ധതിയുടെ പൂർണ്ണ വിവരങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ബാങ്ക് ജീവനക്കാർക്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കായി ഒരു പെൻഷൻ പദ്ധതി നിലവിലുണ്ട്. ടി പദ്ധതി പ്രകാരം 3-6-93-നുശേഷം റിട്ടയർചെയ്ത ജീവനക്കാർക്ക് മാത്രമേ പെൻഷന് അർഹത ഉണ്ടായിരുന്നുള്ളു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1-1-1974-നും 3-6-1993-നും ഇടയിൽ റിട്ടയർ ചെയ്ത ജീവനക്കാരെക്കൂടി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വ്യവസായം, മൽസ്യബന്ധനം, ഡയറി, കയർ, ഹാൻഡ്ലൂം, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് എന്നീ വകുപ്പുകളുടെ കീഴിൽ വരുന്ന സഹകരണസംഘം ജീവനക്കാരേയും പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാർക്കുവേണ്ടി പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

†അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII ബി—(തുടർച്ച)

ക്ഷേമനിധി ബോർഡിന്റെ പേര്	ദിവസ ശമ്പളത്തിൽ നിയമിച്ചവരെ എംപ്ലോയ്മന്റ് വഴിയോ അല്ലാതെയോ നിയമിച്ചതു സംബന്ധിച്ച്
കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്	അത്യാവശ്യ ജോലികൾ ചെയ്തു തീർക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി ഉദ്യോഗാർത്ഥികളെ നേരിട്ട് നിയമിക്കാറുണ്ട്.

അനുബന്ധം IX

[22-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 149 (3151) ദയവായി കാണുക]

1. സഹകരണ സ്ഥാപനങ്ങൾ നല്കുന്ന കാർഷിക വായ്പകൾക്ക് വിള ഇൻഷ്വറൻസ് സംവിധാനം നിലവിലുണ്ട്. കിസാൻ ക്രെഡിറ്റ് കാർഡ് മുഖേനയുള്ള വായ്പകൾക്ക് ഇൻഷ്വറൻസ് നിർബന്ധമാണ്. ഒരു വർഷത്തേക്കുള്ള ഇൻഷ്വറൻസ് പോളിസിക്ക് 15 രൂപ പ്രീമിയം നിരക്കിൽ നല്കേണ്ടതും മൂന്ന് വർഷത്തേക്കുള്ള പോളിസി എങ്കിൽ 45 രൂപ പ്രീമിയം സ്വീകരിച്ച് ബന്ധപ്പെട്ട ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വറൻസ് കമ്പനിയിൽ ഇൻഷ്വർ ചെയ്യുന്നുണ്ട്. കൂടാതെ കിസാൻ ക്രെഡിറ്റ് കാർഡ് മുഖേന വായ്പ എടുത്തിട്ടുള്ള കർഷകർക്ക് വ്യക്തിഗത ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്ന സംവിധാനം ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് സംഘങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. അപകട മരണത്തിന് 50,000 രൂപയും പൂർണ്ണ അംഗവൈകല്യത്തിന് 50,000 രൂപയും രണ്ടു കാലുകളോ രണ്ടു കണ്ണുകളോ ഒരു കാലും, ഒരു കണ്ണുമോ നഷ്ടപ്പെടുന്നവർക്ക് പരമാവധി 50,000 രൂപയും ഒരു കാലോ ഒരു കണ്ണോ നഷ്ടപ്പെടുകയാണെങ്കിൽ 25,000 രൂപയും ഇൻഷ്വറൻസ് സംരക്ഷണം നല്കുന്നു.

2. ഹൗസിംഗ് സഹകരണ സംഘങ്ങൾ എൽ.ഐ.സി-യുമായി ചേർന്ന് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം വായ്പക്കാരനെ ഇൻഷ്വർ ചെയ്യുന്ന പദ്ധതിയും നിലവിലുണ്ട്. ഇതിന്റെ പ്രീമിയം തുക സംസ്ഥാന ഹൗസിംഗ് ഫെഡറേഷൻ ആണ് നല്കുന്നത്. വായ്പക്കാരനെ/ഗ്യാരണ്ടറെ വയസ്സിനനുസരിച്ച് ഇൻഷ്വർ ചെയ്യുന്നു. അപ്രതീക്ഷിതമായി വായ്പക്കാരൻ/ഗ്യാരണ്ടർ മരണപ്പെട്ടുപോയാൽ ഇൻഷ്വറൻസ് കമ്പനി വായ്പത്തുക തിരികെ അടയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IX—(തുടർച്ച)

3. ഹയർ പർച്ചേസ് വ്യവസ്ഥയിൽ വാഹന വായ്പ നല്കുമ്പോൾ സഹകരണ സ്ഥാപനങ്ങൾ സാധാരണയായി ടി വാഹനം ഇൻഷ്വർ ചെയ്യുന്നുണ്ട്.

4. കന്നുകാലി, കോഴിവളർത്തൽ എന്നിവയ്ക്ക് വായ്പ നല്കുമ്പോൾ ജനറൽ ഇൻഷ്വറൻസ് കമ്പനി വഴി ക്യാറ്റിൽ ഇൻഷ്വറൻസ് പദ്ധതി പ്രകാരം കന്നുകാലി, കോഴി എന്നിവയെ ഇൻഷ്വർ ചെയ്യുന്നുണ്ട്.

5. സ്വർണ്ണ പണയ വായ്പ നല്കുമ്പോൾ ഈടായി സ്വീകരിക്കുന്ന സ്വർണ്ണത്തെ ഇൻഷ്വർ ചെയ്യുന്നുണ്ട്.

6. ജില്ലാ സഹകരണ ബാങ്കിൽ നിന്നും വ്യാപാര യൂണിറ്റുകൾക്ക് വേണ്ടി വായ്പ നല്കുമ്പോൾ ടി യൂണിറ്റുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നല്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

7. സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്ന വ്യക്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നല്കുന്ന സംവിധാനം ''കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സൊസൈറ്റി'' (കോയിൻസ്) നടപ്പിലാക്കിയിട്ടുണ്ട്. വായ്പക്കാരന് സ്ഥിരവും പൂർണ്ണവുമായ അംഗവൈകല്യം, ഭാഗികമായ അംഗവൈകല്യം, അപകടമരണം എന്നിവ സംഭവിച്ചാൽ വായ്പ തുക നല്കത്തക്ക രീതിയിലുള്ള വ്യക്തിഗത അപകട ഇൻഷ്വറൻസ് കോയിൻസും, ഇഫ്കോടോക്യോ ജനറൽ ഇൻഷ്വറൻസ് കമ്പനിയും ചേർന്ന് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വസ്തു ജാമ്യത്തിൽ എടുക്കുന്ന വായ്പകൾക്ക് വസ്തുവിന്റെ വിലയ്ക്കുള്ള ഹയർ ഇൻഷ്വറൻസ് കോയിൻസ് നല്കുന്നുണ്ട്. എ.എം.പി. സൻമാർ 55 വയസ്സ് വരെ ഉള്ളവരുടെ വായ്പകൾക്ക് ടിയാൻ മരണപ്പെടുമ്പോൾ പരിരക്ഷണം നല്കുന്നതിനുള്ള പദ്ധതിയും കോയിൻസുമായി ചേർന്ന് നടപ്പിലാക്കുന്നുണ്ട്.

8. കൂടാതെ, സഹകരണ സ്ഥാപനങ്ങളിൽ കൈകാര്യം ചെയ്യുന്ന പണത്തിന്റെ സുരക്ഷിതത്വത്തിനായി ''ഡെബ്റ്റ് ഇൻഷ്വറൻസ്'', ക്യാഷ് ഇൻ ട്രാൻസിറ്റ് ഇൻഷ്വറൻസ് എന്നിവയും, ഫർണീച്ചർ, കമ്പ്യൂട്ടർ മറ്റ് ആസ്തികൾ എന്നിവയ്ക്കായി ഫയർ ഇൻഷ്വറൻസ്, നിക്ഷേപങ്ങളുടെ സുരക്ഷിതത്വത്തിനുവേണ്ടി ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷനുമായി ചേർന്ന് നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതികൾ മുതലായവയും നടപ്പിലാക്കി വരുന്നുണ്ട്.

നിലവിലുള്ളതും പുതിയതായി വായ്പ എടുക്കുന്നവരെയും ലൈഫ് ഇൻഷ്വറൻസിൽ ഉൾപ്പെടുത്താനും ആയതിലൂടെ വായ്പ തിരിച്ചടവ് ഉറപ്പു വരുത്താനും, വായ്പക്കാരന്റെ കുടുംബത്തിന് ആശ്വാസം ലഭിക്കുന്നതിനും ആയിട്ടാണ് ഈ പദ്ധതികൾ ജില്ലാ ബാങ്കുകൾ നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly